REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഹൈദരാബാദിൽ ചാർമിനാറിന് സമീപമുണ്ടായ തീപിടുത്തത്തിൽ 8 പേർ മരിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം പ്രഖ്യാപിച്ചു.**
- **പട്ടികജാതി പട്ടികവർഗ സംസ്ഥാനതല സംഗമം മലമ്പുഴയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.**
- **ലിയോ പതിനാലാമൻ മാർപ്പാപ്പ അൽപ്പ സമയത്തിനകം വത്തിക്കാനിൽ സ്ഥാനാരോഹണം ചെയ്യും.**
- **ലോകത്തിന് കേരളം സമ്മാനിച്ച സ്ത്രീമുന്നേറ്റത്തിന്റെ മഹാമാതൃകയാണ് കുടുംബശ്രീയെന്ന് മന്ത്രി MB രാജേഷ്.**
- **IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ.**

## വാർത്തകൾ വിശദമായി

ഹൈദരാബാദിൽ ചാർമിനാറിന് സമീപം രാവിലെ പാർപ്പിട സമുച്ചയത്തിലുണ്ടായ തീപിടുത്തത്തിൽ 8 പേർ മരിച്ചു. നിരവധി ആളുകൾക്ക് പരിക്കേറ്റു. 17 പേർ മരിച്ചെന്നാണ് സ്ഥിരീകരിക്കാത്ത റിപ്പോർട്ട്. ജനസാന്ദ്രതയേറിയ ഗുൽസാർ ഹൗസിലാണ് തീപിടുത്തമുണ്ടായത്. 16 പേരെ അഗ്നി രക്ഷാ സേന രക്ഷപ്പെടുത്തി. തീ നിയന്ത്രണവിധേയമായിട്ടുണ്ട്.

പ്രധാനമന്ത്രി നരേന്ദ്രമോദി സംഭവത്തിൽ അഗാധ ദുഃഖം അറിയിച്ചു. മരിച്ചവരുടെ ആശ്രിതർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ നൽകും. പരിക്കേറ്റവർക്ക് 50,000 രൂപ വീതവും സഹായം അനുവദിച്ചു.

✪✪✪

ISRO യുടെ 101-ാമത് ദൗത്യമായ PSLV - C61 ന്റെ വിക്ഷേപണം മൂന്നാം ഘട്ടത്തിലുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ കാരണം പൂർത്തിയാക്കാനായില്ലെന്ന് ISRO മേധാവി ഡോ. V നാരായണൻ അറിയിച്ചു. പുലർച്ചെ 5.59ന് ശ്രീഹരിക്കോട്ടയിലെ സധീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നായിരുന്നു ഉപഗ്രഹ വിക്ഷേപണം. രണ്ട് ഘട്ടങ്ങൾ വിജയകരമായിരുന്നു.

PSLV - C61 റോക്കറ്റ് ഉപയോഗിച്ച് EOS-09 എന്ന ഭൗമനിരീക്ഷണ ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കുക യായിരുന്നു ISRO യുടെ ലക്ഷ്യം.

✪✪✪

ഓപ്പറേഷൻ സിന്ദൂരിന്റെ വിജയം ആഘോഷിക്കുമ്പോൾ, ഇന്ത്യൻ സൈനികരുടെ ധീരതയെ അഭിവാദ്യം ചെയ്യുന്ന ആകാശവാണി പരമ്പരയിൽ ഇന്ന്, പരം വീര ചക്ര ജേതാവ്, ഗ്രനേഡിയർ യോഗേന്ദ്ര സിംഗ് യാദവിനെ അനുസ്മരിക്കുന്നു.

(വോയ്സ്........... )

ഉത്തർപ്രദേശിലെ ബുലന്ദ്ഷഹർ സ്വദേശി ഗ്രനേഡിയർ യോഗേന്ദ്ര സിംഗ് യാദവ്, കാർഗിൽ യുദ്ധത്തിൽ ദ്രാസിലെ ടൈഗർ ഹിൽ പിടിച്ചടക്കിയതിലൂടെ, പരം വീർ ചക്ര ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ്. ടൈഗർ ഹിൽ പിടിച്ചെടുക്കാൻ ചുമതലപ്പെടുത്തിയ ഘാതക് പ്ലാറ്റൂണിന്റെ മുൻനിരയിൽ യോഗേന്ദ്ര സിംഗ് യാദവ് ഉൾപ്പെട്ടിരുന്നു. ചെങ്കുത്തായതും മഞ്ഞുമൂടിയതുമായ പാറക്കെട്ടുകൾ സാഹസികമായി കയറിയ സംഘത്തിനു നേരെ ശത്രുക്കൾ കനത്ത വെടിവയ്പ്പ് ആരംഭിച്ചു. സംഭവത്തിൽ കമാൻഡറും രണ്ട് സൈനികരും വീരമൃത്യു വരിച്ചു. പതറാതെ മുന്നേറിയ യോഗേന്ദ്ര സിംഗ് യാദവ്, വെടിയുതിർത്തും ഗ്രനേഡെറിഞ്ഞും നാല് ശത്രുക്കളെ വധിച്ചു. അദ്ദേഹത്തിന്റെ ധീരമായ പ്രവൃത്തിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, സംഘം, ടൈഗർ ഹിൽ ടോപ്പ് പിടിച്ചെടുത്തു.

ശത്രുവിനെ നേരിടുന്നതിൽ അസാമാന്യ ധീരതയും, സ്ഥൈര്യവും, കർത്തവ്യ നിർവഹണ സാമർത്ഥ്യവും പ്രകടിപ്പിച്ച ഗ്രനേഡിയർ യോഗേന്ദ്ര സിംഗ് യാദവിനെ രാഷ്ട്രം അഭിവാദ്യം ചെയ്യുന്നു. 2021ലെ 75-ാമത് സ്വാതന്ത്ര്യദിനത്തിൽ, അദ്ദേഹത്തിന് രാഷ്ട്രപതി ഓണററി ക്യാപ്റ്റൻ പദവി നൽകി.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ നാലാം വാർഷികാ ഘോഷത്തിന്റെ ഭാഗമായ പട്ടികജാതി പട്ടികവർഗ സംസ്ഥാനതല സംഗമം പാലക്കാട് മലമ്പുഴയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 1200 പേർ സംഗമത്തിൽ പങ്കെടുക്കുന്നുണ്ട്.

പാലക്കാട് മെഡിക്കൽ കോളേജിന് സമീപം യാക്കര വില്ലേജിലെ VTഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം മുഖ്യമന്ത്രി വൈകീട്ട് നാടിന് സമർപ്പിക്കും. ചിറ്റൂർ താലൂക്ക് ആശുപത്രി കെട്ടിടവും വൈകീട്ട് അദ്ദേഹം ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് ................

(വോയ്സ് ..........)

അഞ്ച് ഏക്കർ സ്ഥലത്ത് 68 കോടി ചിലവിൽ അത്യാധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് സാംസ്കാരിക സമുച്ചയം നിർമ്മിച്ചിട്ടുള്ളത്.ഏകദേശം ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സമുച്ചയത്തിൽ എ.വി. തിയേറ്റർ, ബ്ലാക്ക് ബോക്സ് തിയേറ്റർ, ശിൽപശാലകൾക്കുള്ള വേദി, ക്രാഫ്റ്റ് മ്യൂസിയം എന്നിവയും ഒരുക്കിയിട്ടുണ്ട്.മനോഹരമായ ഉദ്യാനവും, വിശാലമായ പാർക്കിങ്, കഫ്റ്റീരിയ സൗകര്യങ്ങളും ഉൾക്കൊള്ളുന്നതാണ് സാംസ്കാരിക സമുച്ചയം .എല്ലാ ജില്ലകളിലും സാംസ്കാരിക നായകൻമാരുടെ പേരിൽ സാംസ്കാരിക കേന്ദ്രം അനുവദിച്ചതിന്റെ ഭാഗമായി 2019 ഫെബ്രുവരി 24 നാണ് നവോദ്ധാന നായകൻ വി .ടി.ഭട്ടതിരിപ്പാടിന്റെ പേരിൽ കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക സമുച്ചയത്തിന്റെ ശിലാസ്ഥാപനം പാലക്കാട് നടന്നത്.

✪✪✪

പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിലെ പുതിയ കെട്ടിടം മന്ത്രി വീണ ജോർജ് ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും. പുതിയ OP കെട്ടിടം, സ്പെഷ്യാലിറ്റി ക്ലിനിക്കുകളായ സ്പോർട്സ് ആയുർവേദം, സ്ത്രീ രോഗ വിഭാഗം, ബാല ചികിത്സാ വിഭാഗം, ലബോറട്ടറി എന്നിവ പുതിയ കെട്ടിടത്തിലുണ്ട്.

✪✪✪

ഇന്ന് അന്താരാഷ്ട്ര മ്യൂസിയ ദിനം. സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിലും, അറിവ് വളർത്തുന്നതിലും മ്യൂസിയങ്ങളുടെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് ദിനാചരണം.

ഇന്ന് രാജ്യത്തെ എല്ലാ ആർക്കിയോളജിക്കൽ സർവെ സ്മാരകങ്ങളിലേക്കും മ്യൂസിയങ്ങളിലേക്കും പ്രവേശനം സൗജന്യമായിരിക്കുമെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അറിയിച്ചു.

✪✪✪

അന്താരാഷ്ട്ര മ്യൂസിയം ദിനത്തോട് ബന്ധപ്പെട്ട് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ നാളെ എറണാകുളം ട്രൈബൽ കോംപ്ലക്സിൽ ആഘോഷങ്ങൾ മന്ത്രി O R കേളു ഉദ്ഘാടനം ചെയ്യും. 'ബൊയ്ഗവേ' എന്ന പരിപാടിയിൽ ഗോത്രസമുദായാംഗങ്ങളും മ്യൂസിയം വിദഗ്ധരും പങ്കെടുക്കും.

✪✪✪

ആഗോള കത്തോലിക്കാ സഭയുടെ 267-ാമത് മാർപ്പാപ്പയായി ലിയോ പതിനാലാമൻ വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ അൽപ്പ സമയത്തിനകം സ്ഥാനാരോഹണം ചെയ്യും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നരയ്ക്കാണ് സ്ഥാനാരോഹണ ചടങ്ങുകൾ. കുർബാന മധ്യേ വലിയ ഇടയന്റെ വസ്ത്രവും സ്ഥാനമോതിരവും ഏറ്റുവാങ്ങി വിശുദ്ധപത്രോസിന്റെ പിൻഗാമിയായാണ് മാർപ്പാപ്പ സഭയുടെ സാരഥ്യം ഏറ്റെടുക്കുന്നത്. സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘത്തെ രാജ്യസഭഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ് നയിക്കും.

✪✪✪

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറിന്റെ 74-ാം ജന്മദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസകൾ നേർന്നു. സമൂഹത്തെ സേവിക്കുന്ന ധൻകറിന്റെ ശ്രമങ്ങളെ ഇരുവരും അഭിനന്ദിച്ചു.

✪✪✪

കൊച്ചി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0 " പദ്ധതി സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നാടിന് സമർപ്പിക്കും.

200 കോടി രൂപ ചെലവിൽ, സൈബർ ഡിഫൻസ് ഓപ്പറേഷൻ സെൻറർ, ഫുൾബോഡി സ്കാനർ, AI അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങൾ, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സിസ്റ്റം എന്നിവയടക്കം പദ്ധതികളുടെ നവീകരണമാണ് നടപ്പാക്കുന്നത്. ഉച്ചകഴിഞ്ഞ് സിയാൽ കൺവെൻഷൻ സെൻററിൽ ഏറോ ഡിജിറ്റൽ ഉച്ചകോടിയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചി മെട്രോ ആരംഭിക്കുന്ന ഇന്ധന പമ്പ് കളമശ്ശേരി മെട്രോ സ്റ്റേഷനു സമീപം മന്ത്രി P രാജീവ് നാളെ ഉദ്ഘാടനം ചെയ്യും. ഇന്ധനങ്ങൾക്കൊപ്പം ഇലക്ട്രിക് ചാർജിങ് സൗകര്യവും പമ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ലോകത്തിന് കേരളം സമ്മാനിച്ച അതുല്യമായ സ്ത്രീമുന്നേറ്റത്തിന്റെ മഹാമാതൃകയാണ് കുടുംബശ്രീയെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. കേരളത്തിന്റെ സർവ്വതോന്മുഖ വികസനത്തിന്റെ ഏജൻസിയായി കുടുംബശ്രീയ്ക്ക് മാറാൻ കഴിഞ്ഞെന്ന് അദ്ദേഹം ഫേസ് ബുക്കിൽ കുറിച്ചു. മൂന്ന് ലക്ഷത്തി 17000 അയൽക്കൂട്ടങ്ങളിലായി 48 ലക്ഷത്തിൽ കൂടുതൽ അംഗങ്ങളോട് കൂടിയ കുടുംബശ്രീ ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീ കൂട്ടായ്മയാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

സാഫ് അണ്ടർ - 19 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ വൈകിട്ട് ബംഗ്ലാദേശിനെ നേരിടും. അരുണാചൽ പ്രദേശിലെ ഗോൾഡൻ ജൂബിലി സ്റ്റേഡിയത്തിൽ വൈകിട്ട് എഴിനാണ് മത്സരം. ഗ്രൂപ്പ് ഘട്ടത്തിലെ എല്ലാ മത്സരങ്ങളും ജയിച്ചാണ് ഇന്ത്യ ഫൈനലിലെത്തിയത്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് മൂന്നരയ്ക്ക് രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിങ്സിനെ ജയ്പ്പൂരിൽ നേരിടും.

രാത്രി ഏഴരയ്ക്ക് ഡൽഹി ക്യാപിറ്റൽസ്, ഡൽഹിയിൽ ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും.

✪✪✪

മീസിൽസ്, റുബെല്ല നിവാരണ ക്യാമ്പയിന്റെ ഭാഗമായി അഞ്ചിൽ താഴെ പ്രായക്കാരായ കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണമാക്കുന്നതിന് നാളെ മുതൽ ഈ മാസം 31 വരെ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കും.

വാക്സിനേഷൻ ഡോസുകൾ എടുക്കാൻ കഴിയാതിരുന്ന കുഞ്ഞുങ്ങളെ ആരോഗ്യ-ആശാ പ്രവർത്തകർ കണ്ടെത്തി ഈ കാലയളവിൽ വാക്സിനേഷൻ നൽകും.

✪✪✪

മലപ്പുറം കാളികാവിൽ നരഭോജി കടുവയെ പിടികൂടുന്നതിന് ശ്രമം തുടരുന്നു. വനം വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് സംഘങ്ങളായി തിരിഞ്ഞാണ് തെരച്ചിൽ. 50 നിരീക്ഷണ ക്യാമറകളും കടുവയെ കുടുക്കുന്നതിന് രണ്ട് കൂടുകളും സ്ഥാപിച്ചിട്ടുണ്ട്. തെരച്ചിൽ ദൗത്യത്തിൽ രണ്ട് കുങ്കി ആനകളെയും ഉപയോഗിക്കും. കൂടാതെ വനമേഖലയിലെ ചൂടും കടുവയുടെ സാന്നിധ്യവും കൃത്യമായി അറിയുന്നതിന് തെർമൽ ഡ്രോൺ നിരീക്ഷണവും നടത്തുന്നുണ്ട്.

✪✪✪

കാളികാവിലെ കടുവാ ദൗത്യത്തിനായി എത്തിച്ച കുങ്കിയാന പാപ്പാനെ ആക്രമിച്ചു. കഴുത്തിൽ പരിക്കേറ്റ പാപ്പാൻ ചന്തുവിനെ വണ്ടൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ഇടവമാസ പൂജകൾ പൂർത്തിയാക്കി ശബരിമലയിൽ നാളെ നട അടയ്ക്കും. ഉച്ചയ്ക്ക് സഹസ്ര കലശാഭിഷേകവും കളഭാഭിഷേകവും സന്ധ്യയ്ക്ക് പടിപൂജയും പൂർത്തിയാക്കി രാത്രി പത്തിനാണ് നട അടയ്ക്കുന്നത്.

✪✪✪

ആകാശവാണി മഞ്ചേരി FM മലപ്പുറം നഗരസഭയുടെ സഹകരണത്തോടെ ഉച്ച കഴിഞ്ഞ് മലപ്പുറം മുൻസിപ്പൽ ടൗൺഹാളിൽ ഇശൽ തേന്മഴ എന്ന കലാവിരുന്നും നാടകാവതരണവും ഒരുക്കും. മഞ്ചേരി ആകാശവാണിയുടെ 'മൈലാഞ്ചി മൊഞ്ച്' മാപ്പിളപ്പാട്ട് പരിപാടി 75-ാം പതിപ്പ് പിന്നിടുന്നതിന്റെ ഭാഗമായി മാപ്പിളപ്പാട്ടിന്റെ വികാസ പരിണാമങ്ങൾ എന്ന സംവാദവും ഒരുക്കിയിട്ടുണ്ട്. മലപ്പുറം മുൻസിപ്പൽ ചെയർമാൻ മുജീബ് കാടേരി പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

ഗാന രചയിതാവ് P.ഭാസ്കരന്റെ ജൻമശതാബ്ദിയോട നുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയവും കണ്ണൂർ ജവഹർ ലൈബ്രറി ആൻഡ് റിസർച്ച് സെന്ററും ചേർന്ന് സംഘടിപ്പിച്ചു വരുന്ന കണ്ണീരും സ്വപനങ്ങളും പ്രതിമാസ പ്രഭാഷണ പരമ്പര നാളെ സമാപിക്കും. വൈകിട്ട് ലൈബ്രറി ഓഡിറ്റോറിയത്തിൽ സമാപന സമ്മേളനം ശ്രീകുമാരൻ തമ്പി ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ വർഷം ജൂൺ മൂന്നിനാണ് പ്രഭാഷണ പരമ്പര ആരംഭിച്ചത്. P.ഭാസ്കരൻ പുതുക്കിപ്പണിത മലയാളി ഭാവുകത്വം എന്ന വിഷയത്തിൽ കവി വീരാൻകുട്ടി സംസാരിക്കും. തുടർന്ന് ഭാസ്കരഗാനങ്ങൾ ഉൾപ്പെടുത്തിയ പരിപാടിയിൽ ചെങ്ങന്നൂർ ശ്രീകുമാർ, ആതിര K കൃഷ്ണൻ എന്നിവരും സംഘവും പങ്കെടുക്കും.

✪✪✪

കണ്ണൂർ ചെമ്പിലോട് കാറും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികനായ യുവാവ് മരിച്ചു. ചക്കരക്കല്ല് സ്വദേശി അഭിനവ് ആണ് മരിച്ചത്. 24 വയസ്സായിരുന്നു. ഇന്നലെ അർദ്ധരാത്രിയാണ് അപകടം.

✪✪✪

വയനാട് മുത്തങ്ങയിൽ വാഹനത്തിന് മുകളിൽ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു. പുലർച്ചെ ആറരയോടെ ഫോറസ്റ്റ് ചെക്ക് പോസ്റ്റിന് സമീപമാണ് സംഭവം. മൈസൂർ ഭാഗത്തു നിന്ന് വരികയായിരുന്ന ടാങ്കർ വാഹനത്തിന് മുകളിലാണ് മരം വീണത്. ആർക്കും പരിക്കില്ല. അഗ്നിരക്ഷാ സേന മരം മുറിച്ച് ഗതാഗതം പുനഃസ്ഥാപിച്ചു.

✪✪✪

*News Editor & Reader: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team:, നിമിഷ ജി*
*DEO: സി കെ സുബോധ്*